## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1136 03.12.2015-ലെ മറുപടിക്ക്

### ഹയർസെക്കൻഡറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ഹയ.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകരിൽ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് മാത്രം വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായ വർക്കും വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് വേതനം നൽകുന്ന വിഷയം പൊതു വിദ്യാഭ്യാസ (റ്റി) വകുപ്പിന്റെ 48404/റ്റി2/2015/പൊവിവ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (സി) 24/11/2014 ലെ സ.ഉ.(കൈ.) 247/2014/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച സ്കൂൾ/അധിക ബാച്ചുകൾ എന്നിവയിൽ തസ്തികനിർണ്ണയം നടത്തുന്നതിന്റെ ഭാഗമായി 31/07/2014-ലെ സ.ഉ.(കൈ.) 143/2014/പൊവിവ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭൗതികസാഹചര്യങ്ങൾ സ്കൂളുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം ) എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി |

ഇതുസംബന്ധിച്ച് റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കിയശേഷം തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ശുപാർശ ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ